43 (3368) അനധികൃത മരംമുറി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാർ ഡിവിഷനിലെ ദേവികുളം, മൂന്നാർ, നേര്യമംഗലം, അടിമാലി, കോട്ടയം ഡിവിഷനിലെ എരുമേലി, കുമളി, നഗരംപാറ എന്നീ റെയ്ഞ്ചുകളിൽ നിന്നും വ്യാപകമായി മരം മുറിച്ച് കടത്തികൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥന്മാരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) 1-1-1997 മുതൽ പ്രസ്തുത റെയ്ഞ്ചുകളിൽ നിന്നും മരംമുറിച്ചു കൊണ്ടുപോകുന്നതിന് നൽകിയിട്ടുള്ള പാസ്സുകളുടെയും കത്തുകളുടെയും വിശദവിവരം നൽകുമോ?

ഉത്തരം

(എ) 1999 ജൂൺ മാസത്തിൽ മൂന്നാർ ഡിവിഷനിലെ ദേവികുളം റെയ്ഞ്ചിൽ നിന്നും 92 വിവിധയിനം മരങ്ങൾ അനധികൃതമായി മുറിച്ചു കടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ മരംമുറി സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിവരുന്നു.

(സി) പ്രഥമദൃഷ്ട്യാ കുറ്റക്കാരാണെന്നു കണ്ട ഉദ്യോഗസ്ഥൻമാരെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ഡി) വിശദവിവരം അനുബന്ധത്തിൽ കാണാവുന്നതാണ്.*

44 (3369) വനംവകുപ്പിലെ ഉദ്യോഗസ്ഥന്മാർക്കെതിരെ ശിക്ഷണ നടപടികൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വനംവകുപ്പിലെ ഏതെല്ലാം ഉദ്യോഗസ്ഥൻമാർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ശിക്ഷണ നടപടികൾക്ക് വിധേയമായിട്ടുള്ളവരുടെ പേരും റാങ്കും വെളിപ്പെടുത്തുമോ;

(സി) ഇങ്ങനെ ശിക്ഷണ നടപടികൾക്ക് വിധേയരായുള്ളവരെ ആരെയെങ്കിലും പിന്നീട് ശിക്ഷണ നടപടികളിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ)-(സി) വിവരം ശേഖരിച്ചുവരുന്നു.

45 (3370) വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്നവർ

ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ എത്രപേർ ജോലി ചെയ്യുന്നുണ്ട്;

(ബി) ഓരോ വിഭാഗത്തിലും എത്രപേർ വീതമുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) വർക്കിംഗ് അറേഞ്ച്മെന്റ് നൽകുന്നതിന്റെ മാനദണ്ഡം എന്താണ്;

(ഡി) ഇങ്ങനെ ഒരാഫീസിൽ നിന്നും താൽക്കാലികമായി ജീവനക്കാരെ മാറ്റുന്നത് പ്രസ്തുത ഓഫീസിലെ ജോലിയെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പൊതുസ്ഥലംമാറ്റം ഉത്തരവിന് വിരുദ്ധമായി വർക്കിംഗ് അറേഞ്ച്മെന്റിൽ ജീവനക്കാരെ സ്ഥലം മാറ്റുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 58 പേർ.

(ബി)

അസിസ്റ്റന്റ് കൺസർവേറ്റർ	-	4
ജൂനിയർ സൂപ്രണ്ട്	-	1
റെയ്ഞ്ചോഫീസർ	-	1
ഡെപ്യൂട്ടി റെയ്ഞ്ചോഫീസർ	-	1
ഫോറസ്റ്റർ	-	5
ഹെഡ് അക്കൗണ്ടന്റ്	-	4
യു.ഡി. ക്ലർക്ക്	-	5
എൽ.ഡി. ക്ലർക്ക്	-	4
ക്ലാർക്ക് ടൈപ്പിസ്റ്റ്	-	1
ഫോറസ്റ്റ് ഗാർഡ്	-	19
ടൈപ്പിസ്റ്റ്	-	3
സർവേയർ	-	1
ഡ്രൈവർ	-	4
ശിപായി	-	4
സി.എ.	-	1
ആകെ		58

LIBRARY ARCHIVES Kerala Legislative Assembly